**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1960** **04.05.2017-ൽ മറുപടിയ്ക്ക്**

## സഹകരണ ബാങ്കുകളിലെ റിസ്ക്ഫണ്ട് പ്രകാരം ലഭിക്കുന്ന ആനുകൂല്യം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. ആർ. രാമചന്ദ്രൻ** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | സഹകരണ ബാങ്കുകളിൽ നിന്ന് ലോൺ എടുത്ത് തിരിച്ചടയ്ക്കാൻ കഴിയാതെ മരണമടഞ്ഞവർക്ക് റിസ്ക് ഫണ്ട് പ്രകാരം എത്ര തുകയുടെ ആനുകൂല്യമാണ് ലഭിക്കുക; | (എ) | വായ്പാ സഹകരണ സംഘങ്ങളിൽ/ ബാങ്കുകളിൽ നിന്നും കാർഷിക/ കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ, വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ, മരണപ്പെട്ടാൽ നിബന്ധനകൾക്ക് വിധേയമായി റിസ്ക്ഫണ്ട് പദ്ധതി പ്രകാരം ഒന്നര ലക്ഷംരൂപ വരെയുള്ള മുതലും അതിന്റെ പലിശയും എഴുതിത്തള്ളാൻ വ്യവസ്ഥയുണ്ട് 30.03.2012-ന് മുൻപ് എടുത്ത വായ്പകൾക്ക് ഒരു ലക്ഷം രൂപയും അതിന്റെ പലിശയും എഴുതിത്തള്ളാനുള്ള വ്യവസ്ഥയുണ്ട് |
| (ബി) | റിസ്ക് ഫണ്ട് ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ഏത് സ്ഥാപനത്തിലാണ് അപേക്ഷ സമർപ്പിക്കേണ്ടത് എന്ന് വ്യക്തമാക്കുമോ; | (ബി) | റിസ്ക്ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിന് അപേക്ഷയും അനുബന്ധരേഖകളും ബന്ധപ്പെട്ട സഹകരണ ബാങ്കിന് നൽകണം. ബാങ്ക് കമ്മിറ്റി തീരുമാനം കൈക്കൊണ്ട് സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥരുടെ ശുപാർശയോടെ കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് സെക്രട്ടറിക്ക് സമർപ്പിക്കണം. |

| | | | |
|---|---|---|---|
| (സി) | ജില്ലാ സഹകരണ ബാങ്കിൽ നിന്നും സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും ലോൺ എടുക്കുന്നവർക്ക് ഈ ആനുകൂല്യം ലഭിക്കുമോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ? | (സി) | ജില്ലാ സഹകരണ ബാങ്കിൽ നിന്നും സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും ലോൺ എടുക്കുന്നവർക്ക് റിസ്ക്ഫണ്ട് സ്കീമിലെ നിബന്ധനകൾക്ക് വിധേയമായി ഈ ആനുകൂല്യം ലഭിക്കും. |

സെക്ഷൻ ഓഫീസർ